ഈ റോഡ് ദീർഘനാളായി പൊളിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ വർഷം ചേർന്ന കൊല്ലം ജില്ലയിലെ എം.എൽ.എ-മാരുടെ മീറ്റിംഗിലൂടെയും പത്രവാർത്തയിലൂടെയും അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്ന റോഡാണിത്. മനോരമ ചാനൽ ഉയർത്തിയ ഒരു വാർത്തയുമായി ബന്ധപ്പെട്ട് പരാമർശങ്ങൾ വന്നതാണ്. ആ റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി വളരെ ദയനീയമാണ്. കല്ലുവാതുക്കൽ, വെളിനല്ലൂർ, പൂയപ്പള്ളി, കൊട്ടാരക്കര, ചടയമംഗലം പ്രദേശങ്ങളെ ബന്ധിക്കുന്ന പതിനായിരക്കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുന്ന റോഡാണ്. കൊട്ടാരക്കരയിൽനിന്ന് തിരുവനന്തപുരത്തേക്ക് വരുന്നതിനും ആളുകൾ കൂടുതൽ ആശ്രയിക്കുന്നത് ഈ റോഡാണ്. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കും ഐ.ഒ.സി. പ്ലാന്റിലേക്കുമുള്ള വലിയ വാഹനങ്ങളുൾപ്പെടെ കടന്നുപോകുന്ന റോഡാണിത്. ആ റോഡ് ശരിയാക്കുന്നതിനുവേണ്ടി നിരവധി അപേക്ഷകൾ നൽകിയിട്ടുണ്ട്. അതിൽ 7 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് വലിയ പ്രതിഷേധങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി തരണമെന്ന് അപേക്ഷിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചെങ്ങള-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് ഉപരിതലം ഉയർത്തി ബി.എം. ആന്റ് ബി.സി. ചെയ്ത് നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിലേക്കായി 7 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 15-7-2014-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

37 ചങ്ങാടക്കടവ് പാലം നിർമ്മാണം

ശ്രീ. എ. റ്റി. ജോർജ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ നെയ്യാർ റിസർവോയറിന് കുറുകെ ഒരു പാലം വേണമെന്ന ആവശ്യത്തിന് ഏകദേശം എന്റെ പ്രായത്തേക്കാൾ പഴക്കമുണ്ട്. ചങ്ങാടക്കടവ് പ്രദേശം അമ്പൂരി ഗ്രാമപഞ്ചായത്തിൽ നെയ്യാർ റിസർവോയർ ഉൾപ്പെട്ട പ്രദേശമാണ്. കുന്നത്തുമല, തെന്മല, ശംഖുക്കോണം, കൊമ്പ, പുലയിമല, അയ്യൻവിളാകം, കൈപ്പൻപ്ലാവിള, ചാക്കപ്പാറ, കണ്ണമാമൂട്, വള്ളകാട്, കാരിക്കുഴി എന്നിങ്ങനെ പതിനൊന്ന് ആദിവാസി സെറ്റിൽമെന്റ് കോളനിയിലെ ആദിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള ഏക ആശ്രയം ഇപ്പോൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ചങ്ങാടക്കടവ് പാലം മാത്രമാണ്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ദിവസേന നെയ്യാർ റിസർവ്വോയറിലൂടെ യാത്ര ചെയ്യുന്നത് സ്വന്തമായി കെട്ടിയുണ്ടാക്കിയ ചങ്ങാടങ്ങൾ ഉപയോഗിച്ചാണ്. കാലവർഷം ആരംഭിച്ചാൽ യാത്ര വളരെ അപകടം പിടിച്ചതാണ്. കഴിഞ്ഞ കാലങ്ങളിൽ സ്കൂൾ കുട്ടികൾക്ക് മരണം വരെ സംഭവിച്ചിട്ടുണ്ട്. ദീർഘനാളായുള്ള ആദിവാസികളുടെ ആവശ്യമാണ് ഈ ചങ്ങാടക്കടവ് പാലം നിർമ്മാണം. ചങ്ങാടക്കടവ് പാലം നിർമ്മിക്കുന്നതിന് മണ്ണ് പരിശോധനയും മറ്റ പ്രാഥമിക നടപടികളും പൂർത്തിയാക്കി 12 കോടി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ മാസങ്ങൾക്കുമുമ്പ് സമർപ്പി ച്ചിരിക്കുകയാണ്. 8-3-2012-ൽ ഈ വിഷയം ഞാൻ ഈ സഭയിൽ ഉന്നയിച്ചിരുന്നു. വീണ്ടും ഒരു ദുരന്തം ഉണ്ടാകുന്നതിനുമുമ്പ് ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ചങ്ങാടക്കടവ് പാലം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാറശ്ശാല നിയോജക മണ്ഡലത്തിൽ കരിപ്പയാറിന് കുറുകെ ചങ്ങാടക്കടവിൽ പാലം നിർമ്മിക്കുന്നതിന് ആർ.ഐ.ഡി.എഫ്.-18-ൽ ഉൾക്കൊള്ളിച്ചുകൊണ്ട് ഭരണാനുമതി ലഭിക്കുന്നതിന് 890 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ആർ.ഐ.ഡി.എഫ്.-18-ൽ പൊതുമരാമത്ത് വകുപ്പിനുള്ള സെക്ടർ അലോക്കേഷനിലെ തുക പരിമിതമായതിനാൽ ഇത് പരിഗണിക്കാൻ സാധിച്ചില്ല. 2014-15-ൽ ആർ.ഐ.ഡി.എഫ്.-20-ൽ മതിയായ സെക്ടർ അലോക്കേഷൻ തുക പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഈ പാലം പണി നബാർഡ് ധനസഹായത്തോടെ ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(38) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ഡോ. കെ. ടി. ജലീൽ: സർ, സാങ്കേതികമായി എന്റെ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഒരു കാര്യമാണെങ്കിലും സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും നിലനിൽക്കുന്ന ഒരു വിഷയവും കൂടിയാണിത്. റിലയൻസ് ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികളുടെ കേബിൾ പി.ഡബ്ല്യു.ഡി. റോഡുകളിലും റബ്ബറൈസ്ഡ് റോഡുകളിലുമിട്ട് റോഡുകൾ മുഴുവൻ തകരാറുകളിലാകുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ആളുകൾ ഇതിനോട് പ്രതിഷേധിക്കാത്തത് സർക്കാർ കമ്പനികളുടേയോ സർക്കാർ സംവിധാനങ്ങളുടെയോ കേബിളുകളാണ് ഇത് എന്ന് തെറ്റിദ്ധരിച്ചിട്ടാണ്. സ്വകാര്യ കമ്പനികൾ റോഡ് വെട്ടിപ്പൊളിക്കുമ്പോൾ അത് നന്നാക്കാനുള്ള പണം അവർതന്നെ സംസ്ഥാന പി.ഡബ്ല്യു.ഡി. ഡിപ്പാർട്ട്മെന്റിൽ കെട്ടിവയ്ക്കുന്നുണ്ടെന്നാണ് പറയുന്നത്. എന്നാൽ നമ്മുടെ റബ്ബറൈസ്ഡ് റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly